പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 224 **28-10-2026-ൽ മറുപടിയ്ക്ക്**

നദികളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നദികളിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തുന്നത് തടയുന്നതിനും സ്ഥിരമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ജലാശയങ്ങളിലേക്ക് ഇവ എത്തുന്നത് തടയുന്നതിനും നിലവിൽ സ്ഥിരമായ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജലാശയങ്ങളിലെ മലിനീകരണം കുറയ്ക്കുന്നതിനായി ചെളി നീക്കൽ, ഫെൻസിംഗ്, സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിലേക്ക് തള്ളുന്നത് തടയാൻ കൈവരികളോട് ചേർന്ന് കമ്പിവേലി സ്ഥാപിക്കൽ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നു. പ്രധാന തോടുകളുടെയും കനാലുകളുടെയും തീരങ്ങളിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വയർ മെഷ് / ബയോ ഫെൻസിംഗ് നടപ്പാക്കിവരുന്നു.

കേരളത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് തടയുന്നതിനും ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തുന്നത് കുറയ്ക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കംചെയ്യൽ എന്നിവയ്ക്കുള്ള സംവിധാനം നിലവിലുണ്ട്. ജലാശയങ്ങളിലേക്ക് മാലിന്യം എത്താൻ സാധ്യതയുള്ള ഓടകളുടെയും തോടുകളുടെയും പ്രവേശന ഭാഗങ്ങളിൽ മാലിന്യം തടയുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കാനും പ്രത്യേക ടാസ്ക് ഫോഴ്സ് യോഗങ്ങളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിവരുന്നു. തിരുവനന്തപുരം നഗരത്തിൽ പ്ലാസ്റ്റിക് ഫിഷർ മുഖേന 19 ട്രാഷ് ബൂമുകൾ പ്രവർത്തിപ്പിക്കൽ, കണ്ണൂർ കോർപ്പറേഷൻ വളപട്ടണം പുഴയിലേക്ക് ഒഴുകിയെത്തുന്ന ഓടകളിൽ മെറ്റൽ ഗ്രില്ലുകൾ സ്ഥാപിക്കൽ, കൊച്ചി കോർപ്പറേഷൻ തേവര പേരാണ്ടൂർ കനാലിൽ ഫ്ളോട്ടിങ് ബൂമുകൾ സ്ഥാപിക്കൽ, അഷ്ടമുടിക്കായലിൽ യന്ത്രവത്കൃത ബോട്ടുകളും തൊഴിലാളികളെയും ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കൽ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. കൂടാതെ, മഴക്കാലത്തിനു മുമ്പ് തോടുകൾ, ഓടകൾ, ജലാശയങ്ങളിലേക്കുള്ള നീർച്ചാലുകൾ എന്നിവ വൃത്തിയാക്കുന്നതിനും നദിതീരങ്ങളിൽ നിന്നും ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ തദ്ദേശസ്ഥാപനതലത്തിൽ സംസ്ഥാനത്തെ നദികളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തുന്നത് തടയുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലുള്ള കനാലുകളും തോടുകളും മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഡ്രൈനേജുകൾ, തോടുകൾ, കനാലുകൾ എന്നിവ വൃത്തിയാക്കുക, മാലിന്യനിക്ഷേപം തടയുന്നതിനായി CCTV ക്യാമറകൾ, നെറ്റ് ഫെൻസിങ്, ട്രാഷ് ബൂമുകൾ തുടങ്ങിയവ സ്ഥാപിക്കുക എന്നിവയിലൂടെ പുഴകളിലേക്കും കായലുകളിലേക്കും മാലിന്യം എത്തുന്നതു തടയുന്നതിനു സാധിക്കുന്നു. അനധികൃത മാലിന്യ നിക്ഷേപത്തിനെതിരെ പൊതു ജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സിംഗിൾ വാട്സ് ആപ്പ് നമ്പർ സംവിധാനം (9446 700 800) നിലവിൽ ഉള്ളതും ആയത് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സ്റ്റേറ്റ് കണ്ട്രോൾ റൂം മോണിട്ടർ ചെയ്ത് വരുന്നതുമാണ്. നിയമ ലംഘനങ്ങൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴത്തുകയുടെ 25%, തദ്ദേശ സ്ഥാപനങ്ങൾ പാരിതോഷികം നൽകുകയും ചെയ്തു വരുന്നു. ഹരിത കർമ സേന മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, അജൈവമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം നിലവിൽ 93 ശതമാനം വീടുകളിൽ /സ്ഥാപനങ്ങളിൽ പൂർത്തിയായിട്ടുള്ളതും ആയതു 100 ശതമാനത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ ഹരിത മിത്രം 2.0 ആപ്ലിക്കേഷൻ ഉപയോഗിച്ചു വരുന്നത് സംസ്ഥാന തലത്തിൽ സ്റ്റേറ്റ് കണ്ട്രോൾ റൂം മുഖേന മോണിട്ടർ ചെയ്ത് വരുന്നതുമാണ്.

2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് സെക്ഷൻ 219 S, 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് സെക്ഷൻ 340 A എന്നിവ പ്രകാരം, പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ജലസ്രോതസ്സിലോ മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ തള്ളാനോ, മലിനജലവും കക്കൂസ് മാലിന്യവും ഒഴുക്കിവിടാനോ, മറ്റേതെങ്കിലും വിധത്തിൽ ജലം മലിനമാക്കാനോ പാടില്ലാത്തതാണ്. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തുന്നതും പ്രേരിപ്പിക്കുന്നതും കുറ്റകരമാണ്. ഈ കുറ്റം കോഗ്നിസിബിളും (Cognizable) ജാമ്യമില്ലാത്തതുമാണ് (non-bailable). പ്രസ്തുത കുറ്റം ചെയ്യുന്ന ഏതൊരാൾക്കും പതിനായിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവുശിക്ഷയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യത്തിൽ ഉപയോഗിക്കുന്ന വാഹനം പിടിച്ചെടുക്കുന്നതിനും വ്യവസ്ഥയുണ്ട്. കൂടാതെ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശ, ബ്ലോക്ക്, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പൊതു സ്ഥലങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനായി നിർമ്മലം പുതുയുഗ ശുചിത്വ കേരളം, 'IC 100 Days Challenge' എന്നീ പ്രോഗ്രാമുകൾക്ക് 2026 ഒക്ടോബർ 2 നു തുടക്കം കുറിച്ചിട്ടുണ്ട് .

(ബി) നദികളിൽനിന്ന് നീക്കംചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനും സുരക്ഷിതമായി സംസ്കരിക്കുന്നതിനും സംവിധാനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (CKCL) എന്നിവയുടെ ഏകോപനത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനും പുനഃചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമായി സംവിധാനം നിലവിലുണ്ട്. ഹരിതകർമസേന മുഖേന വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും

ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (Mini MCF), മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF) എന്നിവയിലൂടെ തരംതിരിക്കുന്നു. പുനഃചംക്രമണയോഗ്യമായ പ്ലാസ്റ്റിക് അംഗീകൃത പുനഃചംക്രമണ യൂണിറ്റുകൾക്ക് കൈമാറുകയും, റോഡ് നിർമ്മാണത്തിനുള്ള ടാറിങ്ങിൽ ഉപയോഗിക്കാവുന്ന കുറഞ്ഞ ഗുണനിലവാരമുള്ള പ്ലാസ്റ്റിക് കൈമാറുകയും ചെയ്യുന്നു. പുനഃചംക്രമണത്തിന് അനുയോജ്യമല്ലാത്ത പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ സിമന്റ് ഫാക്ടറികളിൽ കോ-പ്രോസസ്സിങ്ങിനായി കൈമാറിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള War room പോർട്ടൽ പ്രകാരം സംസ്ഥാനത്ത് നിലവിൽ 22,222 മിനി MCF-കൾ, 1439 MCF-കൾ, 130 RRFകൾ, 34 MCF-RRF സംയുക്ത കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഹരിതമിത്രം ആപ്പ് മുഖേന മാലിന്യശേഖരണവും നീക്കവും നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. നദികളിൽനിന്നും ജലാശയങ്ങളിൽ നിന്നും നീക്കംചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും മാലിന്യത്തിന്റെ സ്വഭാവത്തിനും പുനഃചംക്രമണ സാധ്യതയ്ക്കും അനുസൃതമായി നിലവിലുള്ള അംഗീകൃത മാലിന്യസംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി കൈകാര്യം ചെയ്യേണ്ടതാണ്.

(സി) നദികളിലെ പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയെ ഏകോപിപ്പിച്ച് സമഗ്രമായ പ്രവർത്തനപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> National Green Tribunal-ന്റെ നിർദ്ദേശപ്രകാരം പുഴകളിലെ മലിനീകരണം തടയുന്നതിനായി ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർപേഴ്സണായും, പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറായും വിവിധ വകുപ്പുകളുടെ ജില്ലാ അധികാരികളെയും പഞ്ചായത്തുകളെയും ഉൾപ്പെടുത്തി ജില്ലാ സാങ്കേതിക സമിതി (DLTC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയെ ഏകോപിപ്പിച്ച് സമഗ്രമായ ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും, വിവിധ നദികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ് നദികളിലെ പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഏകോപനത്തോടെ നിലവിലുള്ള മാലിന്യശേഖരണ- സംസ്കരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തുന്നത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വീടുകളിൽനിന്നുള്ള പ്ലാസ്റ്റിക് മാലിന്യശേഖരണം കാര്യക്ഷമമാക്കുക, നീർച്ചാലുകളിലും ഓടകളിലും മാലിന്യം തടയുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക, മഴക്കാലത്തിനു മുമ്പുള്ള ശുചീകരണം ഊർജിതമാക്കുക, നദീതീരങ്ങളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യുക, ശേഖരിക്കുന്ന മാലിന്യങ്ങൾ അംഗീകൃത കേന്ദ്രങ്ങൾ മുഖേന ശാസ്ത്രീയമായി കൈകാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. പ്രത്യേക ടാസ്ക് ഫോഴ്സ് യോഗങ്ങളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ബോർഡ് നൽകിവരുന്നു.

കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് 'നിർമലം പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിന്റെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വിവിധ വകുപ്പുകളെയും ഏജൻസികളെയും

ഏകോപിപ്പിച്ച് ശാസ്ത്രീയ മാലിന്യപരിപാലനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളും ജലാശയങ്ങളും മാലിന്യമുക്തമായി സംരക്ഷിക്കുക, മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കുക, ശേഖരണവും ശാസ്ത്രീയ സംസ്കരണവും ഉറപ്പാക്കുക, നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ. തോടുകൾ, കുളങ്ങൾ, ജലാശയങ്ങൾ, പൊതുസ്ഥലങ്ങൾ, റോഡുകൾ എന്നിവിടങ്ങളിലേക്ക് മലിനജലവും കക്കൂസ് മാലിന്യവും ഒഴുക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, തരംതിരിക്കൽ, സംഭരണകേന്ദ്രങ്ങളിലേക്കുള്ള കൈമാറ്റം, പുനഃചംക്രമണം എന്നിവ കാര്യക്ഷമമാക്കുന്നതും ഇതിന്റെ ഭാഗമാണ്. ഇതിലൂടെ അനധികൃത മാലിന്യ നിക്ഷേപം/ പ്ലാസ്റ്റിക്/ മറ്റു അജൈവ മാലിന്യം നദികളിലേക്കും മറ്റ് ജലാശയങ്ങളിലേക്കും എത്തുന്നത് തടയുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനു സാധിക്കുന്നു.

അതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന IC 100 Days Challenge തദ്ദേശഭരണ സ്ഥാപനവും അതിന്റെ പരിധിയിൽ മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ളതോ നിലവിൽ മാലിന്യം നിറഞ്ഞതോ ആയ ഒരു പ്രദേശം (Garbage Vulnerable Point) കണ്ടെത്തി ജനപങ്കാളിത്തത്തോടെ വൃത്തിയാക്കുകയും തുടർന്ന് ടി പ്രദേശം മാലിന്യമുക്തമായി നിലനിർത്തുകയും ചെയ്യുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നദീതീരങ്ങൾ, നദികളിലേക്ക് മാലിന്യം എത്തുന്ന ഇടങ്ങൾ, അനുയോജ്യമായ നദീതട പ്രദേശങ്ങൾ എന്നിവയും ഈ ചലഞ്ചിന്റെ ഭാഗമായി തിരഞ്ഞെടുക്കുന്നതാണ്. ചലഞ്ചിന്റെ ഭാഗമായി നദീതീരങ്ങളിലും ജലാശയപരിസരങ്ങളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. ആയതിനു വിവിധ വകുപ്പുകൾ, മിഷനുകൾ എന്നിവയെ ഏകോപിപ്പിച്ചു പ്രവർത്തനം നടത്താവുന്നതാണ് .

സെക്ഷൻ ഓഫീസർ